സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് – പെൻഷൻകാരുടെ ക്ഷാമാശ്വാസം – കുടിശ്ശിക വിതരണം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 11900/11/Est-I** നന്തൻകോട്, **14/02/2023**

---

പരാമർശം ഃ– 1) 19–03–2021 ലെ മേൽ നമ്പർ ഉത്തരവ്.
2) 13–04–2022 ലെ ROC 11900/11/Est-1/Pen നമ്പർ ഉത്തരവ്.
3) 26–08–2022 ലെ മേൽ നമ്പർ ഉത്തരവ്.
4) 30–01–2023 ലെ ROC8381/12/Acc നമ്പർ ഉത്തരവ്.
5) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 10–02–2023 ലെ ROC 897/23/E-4 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ക്ഷാമബത്ത, പെൻഷൻകാരുടെ ക്ഷാമാശ്വാസം എന്നിവ 01-01-2019, 01–07–2019, 01–01–2020, 01–07–2020 തീയതികൾ മുതൽ പ്രാബല്യത്തിൽ പരിഷ്ക്കരിച്ച് ബോർഡ് ഉത്തരവായിരുന്നു (പരാമർശം –1).

പെൻഷൻകാരുടെ 01–01–2019 മുതൽ കുടിശ്ശികയായ ക്ഷാമാശ്വാസത്തിന്റെ ആദ്യ ഗഡു (23 %) 2022 മെയ് മാസത്തെ പെൻഷനോടൊപ്പവും 01–07–2019 മുതൽ കുടിശ്ശികയായ ക്ഷാമാശ്വാസത്തിന്റെ രണ്ടാം ഗഡു (28 %) 2022 സെപ്റ്റംബർ മാസത്തെ പെൻഷനോടൊപ്പവും നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു(പരാമർശം–2, 3).

പെൻഷൻകാരുടെ DR കുടിശ്ശിക നൽകുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസറെ ചുമതലപ്പെടുത്തി (പരാമർശം –4).

പെൻഷൻകാരുടെ 1/2020 മുതലുള്ള 32 % DR കുടിശ്ശികയും 07/2020 മുതലുള്ള 36 % DR കുടിശ്ശികയും വിതരണം ചെയ്യുന്നതിന് ഏകദേശം 7 കോടി രൂപ ആവശ്യമുള്ളതായി ദേവസ്വം അക്കൗണ്ട്സ് ആഫീസർ റിപ്പോർട്ട് ചെയ്തു (പരാമർശം –5).

(മറുപുറം)

ടി വിഷയം ബോർഡ് പരിശോധിച്ചു.

പെൻഷൻകാരുടെ 01/2020 മുതൽ പ്രാബല്യത്തിൽ 32 ശതമാനമായി വർദ്ധിപ്പിച്ച ക്ഷാമാശ്വാസത്തിന്റെ കുടിശ്ശികയും 07/2020 മുതൽ പ്രാബല്യത്തിൽ 36 ശതമാനമായി വർദ്ധിപ്പിച്ച ക്ഷാമാശ്വാസത്തിന്റെ കുടിശ്ശികയും 2023 മാർച്ച് മാസത്തെ പെൻഷനോടൊപ്പം നൽകുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ
2. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
3. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
4. ഐ.റ്റി. ഡിവിഷൻ
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഫെയർ ഓഫീസ് കോപ്പി

SK